(ബി) പ്രസ്തുത വായ്പ തിരിച്ചടയ്ക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണ് ;

(സി) വായ്പാ തിരിച്ചടവ് സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നിലവിലുള്ള സ്ഥിതി വിവരങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്തുകൾക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് 1534.14 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. നഗരസഭകൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും 2,90,77,35,486 രൂപ വായ്പ എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ആകെ വിഹിതത്തിന്റെ 15%-ൽ കുറയാത്ത തുക കംട്രോളിംഗ് ഓഫീസർമാർ ഉറവിടത്തിൽ വച്ചുതന്നെ കുറവുചെയ്യുന്നരീതി അവലംബിച്ച് തിരിച്ചടയ്ക്കുന്നതാണ്. വായ്പയുടെ പലിശ സർക്കാർ വഹിക്കുന്നുതാണ്.

(സി) ഉണ്ട്.

(ഡി) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ അനുസരിച്ച് നടത്തിയ അർഹതാ പരിശോധനയുടെയും പുനഃപരിശോധനയുടെയും അടിസ്ഥാനത്തിൽ 5 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2007 ഏപ്രിൽ മുതൽ 30-11-2010-വരെ 3.5 ലക്ഷം വീടുകൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

വടകര മണ്ഡലത്തിലെ ഇ.എം.എസ്. ഭവനപദ്ധതി

155 (1913) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതി പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പഞ്ചായത്തിലും അനുവദിച്ച വീടുകളുടെയും പൂർത്തീകരിച്ച വീടുകളുടെയും എണ്ണം പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) വടകര മണ്ഡലത്തിലെ പഞ്ചായത്തുകളിലൊന്നും ഇ.എം.എസ്. ഭവന പദ്ധതി പൂർത്തീകരിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

(ബി)

പഞ്ചായത്തിന്റെ പേർ	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ
അഴിയൂർ	110	6
ചോറോട്	73	8
ഏറാമല	259	8
വില്ല്യാപ്പള്ളി	67	20
ഒഞ്ചിയം	113	10

ഇന്ദിരാ ആവാസ് യോജന പദ്ധതി

156 (1914) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതി ഏത് വർഷത്തിലാണ് ആരംഭിച്ചതെന്നു വ്യക്തമാക്കുമോ ;

(ബി) പദ്ധതി ആരംഭിച്ചതുമുതൽ ഓരോ വർഷവും ലഭിച്ച കേന്ദ്രവിഹിതം എത്രയാണെന്നും, ഓരോ വർഷത്തെയും പദ്ധതി ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ വർഷത്തെയും പദ്ധതിക്കുള്ള സംസ്ഥാനവിഹിതം എത്രയാണെന്നും സംസ്ഥാനവിഹിതവും കേന്ദ്രവിഹിതവും ചേർത്ത് ഓരോ വർഷത്തെയും ചെലവെത്രയാണെന്നും വിശദമാക്കുമോ :

(ഡി) ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും ഓരോ വർഷവും ചെലവഴിച്ച തുകയും നിർമ്മിച്ച വീടുകളുടെ എണ്ണവും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1996 ജനുവരി ഒന്ന് മുതൽ ഇന്ദിരാ ആവാസ് യോജന സ്വതന്ത്ര പദ്ധതിയായി നടപ്പിലാക്കാൻ തുടങ്ങി.

(ബി&സി) 1996-97 വർഷത്തെ വിഹിതം, ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. 1997-98 മുതലുള്ള കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും പദ്ധതി ചെലവും അനുബന്ധം-1 ആയി ചേർക്കുന്നു.*

(ഡി) ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും 1997-98 മുതൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെയും നിർമ്മിച്ച വിടുകളുടെയും എണ്ണം അനുബന്ധം-2 ആയി ചേർക്കുന്നു. 1996-97 വർഷത്തെ കണക്കുകളുടെ വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly